ഇപ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിൽ 22, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 14, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 12 എന്നിങ്ങനെ നിവർഷൻ നടത്തുകയുണ്ടായി.

**കൈത്തറി വ്യവസായത്തെ വികസിപ്പിക്കാൻ പദ്ധതികൾ**

**298 (638)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ചയിലേക്ക് പോകുന്ന പരമ്പരാഗത വ്യവസായ മേഖലയിൽപ്പെടുന്ന കൈത്തറി വ്യവസായം വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(ബി) ഈ സർക്കാർ പുതുതായി എത്ര കൈത്തറി വ്യവസായസംരംഭങ്ങൾ ആരംഭിച്ചു ; എത്ര വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിച്ചു ; വ്യക്തമാക്കാമോ ;

(സി) കൈത്തറി വ്യവസായ പുനഃരുദ്ധാരണത്തിന് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭ്യമാക്കിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തുന്ന എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നു ; എത്ര പദ്ധതികൾക്ക് അനുമതി കിട്ടിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ നേരിട്ട് കൈത്തറി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ മാസ്റ്റർ വീവർ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ 73 സംരംഭകർക്ക് ആനുകൂല്യം നൽകി, പുതു സംരംഭം ആരംഭിച്ചിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷത്തിലായി 38 പേർക്ക് ആനുകൂല്യം നൽകി 38 സംരംഭങ്ങൾ ആരംഭിച്ചു. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിലൂടെ 2 ഘട്ടങ്ങളിലായി 355 പ്രാഥമിക സംഘങ്ങളേയും ഹാന്റക്സിനേയും പുനരുദ്ധരിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുള്ള റിവൈവൽ, റീഹോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഒന്നാംഘട്ടത്തിൽ 122 പ്രാഥമിക സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇതുവഴി 355 പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, ഹാന്റക്സിന്റേയും 1117 വ്യക്തിഗത യൂണിറ്റുകളുടേയും 31-3-2010 വരെയുള്ള വായ്പ കുടിശ്ശിക 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതുവരെ) ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും അംഗങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ആർ.ആർ.ആർ പാക്കേജിൽ ഹാന്റക്സിന് 75:25 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും പ്രാഥമിക സംഘങ്ങൾക്ക് 80:20 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും ധനസഹായം ലഭിക്കുന്നു. ഇതിലൂടെ കൈത്തറി മേഖലയുടെ നവീകരണം സാധ്യമാകുന്നതാണ്.

ഒന്നാം ഘട്ടത്തിൽ, പദ്ധതി പ്രകാരം 23,92,12,966- രൂപ കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. ആയത് 122 പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കുമായി നബാർഡ് മുഖാന്തിരം വിതരണം ചെയ്യുകയുണ്ടായി.

രണ്ടാം ഘട്ടത്തിൽ കേന്ദ്രവിഹിതമായി 141 കോടി രൂപ ലഭ്യമായിട്ടുണ്ട്. ടി തുകയിൽ നിന്നും 9 ജില്ലകൾക്കായി 9,62,93,248-രൂപ വിതരണം ചെയ്യുകഴിഞ്ഞു. കൂടാതെ അപ്പക്സ് സംഘമായ ഹാന്റക്സിന് 47.72 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. ബാക്കി തുക, ശേഷിച്ച ജില്ലകൾക്ക് അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly